

# വാർത്തകളും കുറിപ്പുകളും

**വികാരിമാരുടെ സ്ഥലം മാറ്റം**

റവ. അലക്സ് പി. ഉമ്മൻ അച്ചനും കുടുംബവും, മഹായിടവകയുടെ നിർദേശപ്രകാരം 26-05-2026, ചൊവ്വാഴ്ച നെടുങ്ങാടപ്പള്ളിയിലേക്ക് പോവുകയുണ്ടായി ജൂൺ മാസത്തിൽ കൂടുന്ന ക്രൈസ്റ്റ് ചർച്ചിന്റെ വാർഷിക പൊതുയോഗം നടത്തുവാൻ എത്തുന്നതാണ്. ഈ പൊതു യോഗത്തോടനുബന്ധിച്ച് അച്ചന് ഔദ്യോഗികമായ യാത്രയയപ്പ് നൽകു ന്നതാണ്. യാത്രയയപ്പ് ചടങ്ങുകൾക്ക് ശേഷം, നെടുങ്ങാടപ്പള്ളിയിലേക്ക് മടങ്ങുമ്പോൾ ക്രൈസ്റ്റ് ചർച്ചിലെ പ്രതിനിധികൾ അച്ചനെ നെടുങ്ങാട പ്പള്ളി വരെ അനുഗമിക്കുന്നതായിരിക്കും.

സംഘടനകളുടെയും ഏരിയ പ്രയർ ഗ്രൂപ്പുകളുടെയും ആഭിമുഖ്യത്തിൽ അലക്സച്ചനും കുടുംബത്തിനും വികാരനിർഭരമായ യാത്രയയപ്പുകൾ ക്രമീകരിക്കുകയുണ്ടായി.

പുതിയ വികാരി റവ. തോമസ് പായിക്കാടും കുടുംബവും 28-5-26 നു ഉച്ചയോടെ തിരുവനന്തപുരത്ത് എത്തിച്ചേർന്നു. കമ്മറ്റി അംഗങ്ങൾ അദ്ദേഹത്തിന് ഊഷ്മളമായ സ്വീകരണം നൽകുകയുണ്ടായി. 31.5.26 ഞായറാഴ്ച ഇംഗ്ലീഷ്, മലയാളം ആരാധനാ മദ്ധ്യേ പുതിയ ഇടവക വികരിക്കും കുടുംബത്തിനും സമുചിതമായ സ്വീകരണം നൽകുകയു ണ്ടായി. ഇംഗ്ലീഷ് ആരാധാനമധ്യേ കൈക്കാരൻ ശ്രീ.എം. ജെ. കുരുവിള, പായിക്കാടച്ചനും കുടുംബത്തിനും സ്വാഗതം ആശംസിച്ചു. മലയാളം ആരാധനയുടെ അവസാനം നടത്തിയ സ്വീകരണ യോഗത്തിൽ അച്ചനും കുടുംബത്തിനും സ്നേഹോഷ്മളമായ വരവേൽപ് നൽകി. നൈനാൻ പി. തോമസച്ചൻ അധ്യക്ഷത വഹിച്ച യോഗത്തിൽ കൈക്കാരൻ ശ്രീ. കോര എബ്രഹാം ആശംസകൾ അർപ്പിച്ചു. സെക്രട്ടറി ശ്രീ. സജി സാം ജോർജ് സ്വാഗതവും, ട്രഷറർ ശ്രീ. സോമൻ ജോൺ നന്ദിയും അറിയിച്ചു. മറുപടി പ്രസംഗത്തിൽ സഭയുടെ ഉയർച്ചക്കും വളർച്ചക്കുമായി വരും നാളുകളിൽ ഒരുമിച്ചു പ്രവർത്തിക്കുവാൻ പായിക്കാടച്ചൻ ആഹ്വാനം ചെയ്തു. പായിക്കാടച്ചന്, ക്രൈസ്റ്റ് ചർച്ചിന്റെ ആത്മീയ, ഭൗതീക മേഖലകളിൽ അത്ഭുതങ്ങൾ സൃഷ്ടിക്കുവാനാകട്ടെ എന്നാശംസിക്കുന്നു.

**വാർഷിക പൊതുയോഗം 2025-26**

2025-26 വാർഷിക പൊതുയോഗവും തിരഞ്ഞെടുപ്പും ജൂണിൽത്തന്നെ നടത്തുവാനാവശ്യമായ ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

**പരിസ്ഥിതി ഞായർ ആചരണം**

ജൂൺ 14, മഹായിടവക പരിസ്ഥിതി ഞായർ ആയി ആചരിക്കുകയാണ്. ലോക പരിസ്ഥിതിദിനാഘോഷങ്ങളുടെ ഭാഗമായി ജൂൺ 5 വെള്ളിയാഴ്ച എക്കോളജി ഫോറത്തിന്റെ ആഭിമുഖ്യത്തിൽ സെന്റിനറി ഹാളിൽ വച്ച് "ഹരിത ഭവനങ്ങളിലെ പച്ചക്കറി കൃഷി" എന്ന വിഷയത്തെ അധീകരിച്ചു കൊണ്ട് കരമന IFRS ഗവേഷണകേന്ദ്രം അസി പ്രൊഫ.ഡോ എ വി മീരയുടെ നേതൃത്വത്തിൽ ഒരു അർദ്ധദിന കാർഷിക സെമിനാർ സംഘടിപ്പിക്കയുണ്ടായി.

**അച്ചന്മാർക്കു യാത്രയയപ്പ്**

ക്രൈസ്റ്റ് ചർച്ചിലെ ആരാധനകളിലും മറ്റുമേഖലകളിലും ആവശ്യ സമയത്തു സജീവമായി സഹായിച്ചുകൊണ്ടിരുന്ന ബഹു. നൈനാൻ ജേക്കബ് അച്ചൻ, (മുട്ടത്തറ) ജേക്കബ് പി ദേവസ്യ അച്ചൻ(കെ യു റ്റി സെമിനാരി ), ബിജുമോൻ സാർ (കാരാളി) എന്നിവർ സ്ഥലംമാറ്റം ലഭിച്ചു വിവിധ സ്ഥലങ്ങളിലേക്ക് സേവനത്തിനായി പോകുകയാണ്. അവരോടുള്ള സഭയുടെ സ്നേഹവും, നന്ദിയും, ആദരവും പ്രകാശിപ്പിച്ചുകൊണ്ട് ഒരു യാത്ര അയപ്പ്, 3.5.26 ഞായറാഴ്ച മലയാളം ആരാധയുടെ അവസാനം നടത്തുകയുണ്ടായി. പുതിയ പ്രവർത്തനമേഖലകൾ അനുഗ്രഹീതമാകട്ടെ എന്നാശംസിക്കുന്നു.

**കേരള മുഖ്യമന്ത്രിക്കു ആശംസകൾ**

കേരളത്തിന്റെ പുതിയ മുഖ്യമന്ത്രിയും മദ്ധ്യകേരള മഹായിടവകയുടെ അഭ്യുദയകാംക്ഷിയുമായ ശ്രീ. വി ഡി. സതീശനെ തലസ്ഥാനനഗരിയിൽ ബിഷപ്പ് റൈറ്റ് റവ. ഡോ. മലയിൽ സാബു കോശി ചെറിയാൻ 16-05-2026 ന് സന്ദർശിക്കയും, മഹായിടവകയുടെ ആശംസകൾ അറിയിക്കുകയും ചെയ്തു.

**ശ്രീമതി ആനി ജൂല തോമസ് ഐ. എ. എസ്.-ന് ആശംസകൾ**

കൊല്ലം ജില്ലാ കളക്ടർ ആയി ചുമതല ഏറ്റെടുത്ത, ക്രൈസ്റ്റ് ചർച്ച് സഭാംഗമായ ശ്രീമതി ആനി ജൂല തോമസിന് സഭയുടെ ആശംസകൾ.

ജൂൺ 14 പരിസ്ഥിതി ഞായറായി ആചരിക്കയാണ് 'സൃഷ്ടി സംസാരിക്കുന്നു: പ്രകൃതിയിൽ ദൈവത്തിന്റെ ശബ്ദം ശ്രവിക്കുക' എന്ന പ്രമേയം, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ആത്മീയ ബന്ധത്തെ ആഴത്തിൽ ഓർമ്മിപ്പിക്കുന്ന ഒന്നാണ്. പ്രകൃതി എന്നത് വെറുമൊരു

ഭൗതിക പശ്ചാത്തലമല്ല, മറിച്ച് ദൈവത്തിന്റെ സാന്നിധ്യവും സ്നേഹവും പ്രകടമാക്കുന്ന ഒരു മേഖലയാണ്. വനാന്തരങ്ങളിലും, ഗിരി ശൃംഗങ്ങളിലും, ഇളകി ഒഴുകുന്ന നദികളിലും, സമുദ്രത്തിന്റെ ആഴങ്ങളിലും പക്ഷികളുടെ കളകൂജനങ്ങളിലും, മന്ദമാരുതന്റെ മർമ്മരങ്ങളിലും ദൈവത്തിന്റെ മനോഹരമായ ശബ്ദം ഒളിഞ്ഞിരിക്കുന്നു. എന്നാൽ ആധുനിക മനുഷ്യന്റെ തിരക്കുകളും സ്വാർത്ഥതയും പ്രകൃതിയുടെ ഈ നിർമ്മല ശബ്ദത്തെ അവഗണിച്ചുകൊണ്ടിരിക്കുന്നു. പ്രകൃതിയിൽ ദൈവത്തിന്റെ ശബ്ദം ശ്രവിക്കുക എന്നാൽ, ഓരോ ജീവജാലത്തിനും ഭൂമിയിൽ ജീവിക്കാൻ തുല്യ അവകാശമുണ്ടെന്ന് തിരിച്ചറിയുകയും, അവയോട് കരുണ കാണിക്കുകയും ചെയ്യുക എന്നതാണ്. നിർഭാഗ്യവശാൽ, ഇന്ന് പ്രകൃതിയുടെ ശബ്ദം വിലാപങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്; മനുഷ്യന്റെ വിവേചനരഹിതമായ ഇടപെടലുകളും ആഗോളതാപനവും പരിസ്ഥിതി മലിനീകരണവും വനനശീകരണവും മൂലം വിനാശത്തിന്റെ വക്കിലെത്തിനിൽക്കുന്ന ഭൂമി നമ്മോട് സഹായത്തിനായി കേഴുകയാണ്. ഈ യാചനകളും വിലാപങ്ങളും ദൈവത്തിന്റെ ശബ്ദമായി തിരിച്ചറിഞ്ഞ്, പ്രകൃതിയെ സംരക്ഷിക്കുവാൻ നാം തയ്യാറാകേണ്ടതുണ്ട്. ദൈവത്തിന്റെ ഈ മഹത്തായ സൃഷ്ടിയെ വരുംതലമുറയ്ക്കായി കാത്തുസൂക്ഷിക്കുമെന്ന പ്രതിജ്ഞയോടെ, പരിസ്ഥിതിയെ സ്നേഹിച്ചുകൊണ്ട് ആദരിച്ചുകൊണ്ട് സംരക്ഷിച്ചുകൊണ്ട് പ്രകൃതിയുടെ നിശബ്ദതയിലേക്ക് കാതോർത്തുകൊണ്ട്, അതിലൂടെ സ്രഷ്ടാവായ ദൈവത്തിന്റെ സ്നേഹം പൂർണ്ണമായി അനുഭവിച്ചറിയാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുവാൻ നമുക്ക് ശ്രമിക്കാം.

പ്രാർത്ഥനാഭിവാദ്യങ്ങളോടെ,

**സജി സാം ജോർജ്**

സെക്രട്ടറി

## Area Prayer Meetings

| Date & Time | Area | Name | IDNo. | P. No. | Phone |
|---|---|---|---|---|---|
| **07-06-2026 Sunday** 5:00pm | **Peroorkada** | Mr. K. O. Varghese | V-024 | 397 | 9447108750 |
| **14-06-2026 Sunday** 5:00pm | **Peroorkada** | Mr. Maneesh Manoj | New | New | 9048808722 |
| **28-06-2026 Sunday** 5:00pm | **Peroorkada** | Mr. William Mani | W-001 | 370 | 9446616290 |
| **29-06-2026 Monday** 4:00pm | **Nanthencode** | Mr. Kurien C. Abraham | K-028 | 231 | 9446554155 |